ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം.

**EX-II/1/22747/HSE/2017** **തീയതി : 19 /05/2018**

# സർക്കുലർ

വിഷയം :- ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - പരീക്ഷാ വിഭാഗം - മാർച്ച് 2018 പരീക്ഷ ഗ്രേസ് മാർക്ക് ലഭിക്കാത്തത് - സംബന്ധിച്ച്.

മാർച്ച് 2018-ലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ മുഖാന്തിരം ലഭിച്ച ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്ക് ചേർത്തിട്ടുണ്ട്. **ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ നിശ്ചിത തീയതിക്കകം സമർപ്പിച്ചിട്ടും ആയത് ലഭ്യമായിട്ടില്ല എങ്കിൽ അതാത് പ്രിൻസിപ്പൽമാർ ബന്ധപ്പെട്ട ഏജൻസി മുഖാന്തിരം തന്നെ പരിഹാരം തേടേണ്ടതാണ്.**

ഗ്രേസ്മാർക്കിന് ഇനിയും അപേക്ഷകൾ അയയ്ക്കാത്തവർ ലേറ്റ് ഫീ **300/- രൂപ "0202-01-102-97(03)** other receipts" എന്ന സർക്കാർ ശീർഷകത്തിൽ ചെലാൻ ഒടുക്കി അപേക്ഷകൾ ബന്ധപ്പെട്ട ഏജൻസി മുഖാന്തിരം മാത്രം സമർപ്പിക്കേണ്ടതാണ്. എൻ.സി.സി. അപേക്ഷകൾ എൻ.സി.സി ഡയറക്ടറേറ്റിലേയ്ക്കും, എൻ.എസ്.എസ് അപേക്ഷകൾ ഹയർസെക്കന്ററി ഡയറക്ടറേറ്റിലെ എൻ.എസ്.എസ്. കോ-ഓർഡിനേറ്റർക്കും നൽകേണ്ടതും സ്പോർട്സ് ഇനത്തിലെ അപേക്ഷകൾ ഡി.പി.ഐ.യ്ക്ക് നൽകേണ്ടതുമാണ്. ഡി.പി.ഐയ്ക്കു നൽകുന്ന സ്പോർട്സ് ഇനത്തിലെ അപേക്ഷകളുടെ ഒരു പകർപ്പ് പരീക്ഷാ വിഭാഗം സെക്രട്ടറിയ്ക്ക് അയച്ചുതരേണ്ടതുമാണ്.

**സ്കൂൾ യുവജനോത്സവത്തിനും ശാസ്ത്രമേളയ്ക്കും അർഹമായ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ മാത്രം അനുബന്ധ രേഖകൾ സഹിതം ഹയർസെക്കന്ററി പരീക്ഷാ സെക്രട്ടറിയ്ക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്.**

**ഒപ്പ്/-**

**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാം, കേരള**